# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചോറോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി4/174/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 21/02/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചോറോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചോറോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചോറോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി4/174/2023 തീയ്യതി: 21/02/2023

## കോഴിക്കോട് ജില്ലയിലെ ചോറോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ചോറോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. രതനസിംഗ് കെ.പി. | ഡെപ്യൂട്ടി ഡയറക്ടർ | 18-01-2023 | 25-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 18-01-2023 | 25-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഹരി കെ.പി, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീമതി.പ്രസീതാ കുമാരി എം, ഓഡിറ്റ് ഓഫീസർ
ശ്രീമതി ധന്യ.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ശ്രീജിത്ത് കെ.വി, ഓഡിറ്റർ
ശ്രീ. ബിബിൻ ഇ.സി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ പി പി ചന്ദ്രശേഖരൻ മാസ്റ്റർ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ പ്രദീപ്കുമാർ പി | സെക്രട്ടറി | 01-04-2021 | 10-10-2021 |
| ശ്രീമതി. നിഷ എൻ. തയ്യിൽ | സെക്രട്ടറി | 11-10-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീകല വി | അസി.സെക്രട്ടറി | 01-04-2021 | 04-08-2021 |
| ശ്രീ. സുധീർ പി. | അസി.സെക്രട്ടറി | 05-08-2021 | 31-03-2022 |
| ശ്രീ വിപിൻകുമാർ ടി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ ദിനീഷ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 15-09-2021 |
| ശ്രീമതി. വിനീത | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 18-10-2021 | 31-03-2022 |
| ശ്രീമതി സുനിത പി കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഡോ ഡെയ്സി ഗോരേ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ശ്രീമതി ലിമിന എ ടി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 18-11-2021 |
| ശ്രീമതി സീന പി. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 19-11-2021 | 31-03-2022 |
| ഡോ അപർണ മാധവൻ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീ അനിൽകുമാർ | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി പ്രതിഭ ടി. | ഹെഡ് മിസ്ട്രസ്സ് | 01-04-2021 | 31-03-2022 |
| ശ്രീ .നൗഷാദ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ ശ്രീജിത്ത് പി | ക്ഷീര വികസന ഓഫീസർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | വാർഷിക കണക്ക് - അപാകതകൾ | 1-6 |
| 7 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 8 | കൃഷി ഓഫീസറുടെ രശീതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-8 |
| 9 | തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ | 1-9 |
| 10 | പൊതുമരാമത്ത് പ്രവർത്തികളുടെ കരാർ ചമക്കുന്നതിൽ വീഴ്ച. | 1-10 |
| 11 | പ്രവർത്തി പൂർത്തീകരണത്തിൽ കാലതാമസം- പിഴ ഈടാക്കിയില്ല | 1-11 |
| 12 | ആസ്തി സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയില്ല. | 1-12 |
| 13 | ഫോം വർക്ക് ചെയ്യാതെ തുക നൽകി | 1-13 |
| 14 | വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയാത്ത പ്രൊജക്ടുകൾ നടപ്പിലാക്കി . | 1-14 |
| 15 | മരണപ്പെട്ടവരുടെ പെൻഷൻ സമയബന്ധിതമായി റദ്ദ് ചെയ്യപ്പെടുന്നില്ല. | 1-15 |
| 16 | കരാർ വെക്കാതെ കെ.എസ്.ഇ.ബി. യിൽ തുക ഡെപ്പോസിറ്റ് ചെയ്തു | 1-16 |
| 17 | അനുബന്ധരേഖകൾ ഹാജരാക്കിയില്ല | 1-17 |
| 18 | അംഗൻവാടികൾക്ക് ബോർവെൽ നിർമ്മാണം - തുക ഡെപ്പോസിറ്റ് ചെയ്തത് -വിനിയോഗവിവരം ഇല്ല | 1-18 |
| 19 | ഹരിത കർമ്മസേന – പ്രശംസനീയമായ പ്രവർത്തനം | 1-19 |
| 20 | റോഡ് നിർമ്മാണം - പദ്ധതി ആസൂത്രണത്തിലെ അപാകത | 1-20 |
| 21 | ലേല നടപടികൾ പാലിക്കുന്നില്ല | 1-21 |
| 22 | റെയിൽവേയുടെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ഇതുവരെ ലഭ്യമല്ല | 1-22 |
| 23 | ആയർവ്വേദ ഡിസ്പെൻസറി വാടക നിജപ്പെടുത്തിയിട്ടില്ല. | 1-23 |
| 24 | ഗ്രാന്റ് വിനിയോഗിക്കാതെ തിരിച്ചടച്ചു | 1-24 |
| 25 | പ്രീമൺസൂൺ ശുചീകരണം - പോസ്റ്റ് മൺസൂൺ ആയി മാറി. | 1-25 |
| 26 | അളവ് തൂക്ക ഉപകരണം -വാർഷിക സീലിംഗ് ചെയ്തില്ല. | 1-26 |
| 27 | പൊതു ടാപ്പ് ചാർജ്ജ് നാളിതുവരെ സംയുക്ത പരിശോധന നടത്തിയിട്ടില്ല. | 1-27 |
| 28 | ആവശ്യമായ കാർപാർക്കിംഗ് ഇല്ലാതെ പെർമിറ്റ് അനുവദിച്ചു | 1-28 |

| | | |
|---|---|---|
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | പ്രീമൺസൂൺ ശുചീകരണം - പോസ്റ്റ് മൺസൂൺ ആയി മാറി. | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സ്ഥിരനിക്ഷേപങ്ങളുടെ വിവരം | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട് | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് ഭരണസമിതിയുടെ 20/02/2021 ലെ 1/63/2021 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച, പുതുക്കിയ ബജറ്റ് 16/03/2022 ലെ ഭരണസമിതി തീരുമാന നമ്പർ 01/22 നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു. അംഗീകരിക്കപ്പെട്ട ബജറ്റിന്റെയും യഥാർത്ഥ വരവുചെലവുകളുടേയും വിശദാംശം താഴെ കൊടുക്കുന്നു.

| ഇനം | ബജറ്റ് | വാർഷിക കണക്ക് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 6,12,66,827 | 2,15,43,234 |
| വരവ് | 20,51,26,458 | 12,36,37,161 |
| ആകെ | 26,63,93,285 | 14,51,80,395 |
| ചെലവ് | 20,99,81,887 | 10,32,54,791 |
| നീക്കിയിരിപ്പ് | 5,64,11,398 | 4,19,25,604 |

പുതുക്കിയ ബജറ്റും വാർഷിക കണക്കും തമ്മിൽ വലിയ വ്യത്യാസം കാണുന്നു, തുടർവർഷങ്ങളിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 09.06.2022 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,15,43,234 |
| വരവ് | 12,36,37,161 |
| ആകെ | 14,51,80,395 |
| ചെലവ് | 10,32,54,791 |
| നീക്കിയിരിപ്പ് | 4,19,25,604 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| വികസന ഫണ്ട് – ജനറൽ (ACR പ്രകാരം) | 26598520 | 26598520 | 25109332 | 1489188 |
| വികസന ഫണ്ട് – എസ്.സി.പി (ACR പ്രകാരം) | 1544776 | 1544776 | 1410334 | 134442 |
| മെയിന്റനൽസ് ഗ്രാന്റ് -റോഡ് (ACR പ്രകാരം) | 12914000 | 12914000 | 3554027 | 9359973 ** |
| മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് (ACR പ്രകാരം) * | 7941794 | 7941794 | 2815029 | 5126765 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) (ടൈഡ്) ട്രഷറി മുഖേന | 6340000 | 6340000 | 2309413 | 4030587 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) (ടൈഡ്) ബാങ്ക് മുഖേന | 7568000 | 7568000 | 2781420 | 4786580 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) (അൺടൈഡ്) ട്രഷറി മുഖേന | 1007933 | 1007933 | 611368 | 396565 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) (അൺടൈഡ്) ബാങ്ക് മുഖേന പലിശ 91114 /- ഉൾപ്പടെ | 5137114 | 5137114 | 4350936 | 786178 |

* മെയിന്റനൻസ് ഗ്രാന്റ് നോൺ-റോഡ് ഇനത്തിൽ 35% മാത്രമാണ് ചെലവ് വന്നത്.

** മെയിന്റനൻസ് ഗ്രാന്റ് റോഡ് ഇനത്തിൽ രണ്ട് അലോട്ട്മെന്റുകളിൽ ആയി 1,29,14,000/- രൂപ വരവുണ്ടെങ്കിലും സ.ഉ(സാധാ) നം.1345/22 ധന തീ.26.02.22 പ്രകാരം 83,99,000/- രൂപ കുറവ് ചെയ്തിട്ടുണ്ട്.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് ഉപയോഗിക്കാമെന്നിരിക്കെ ആയത് ഉപയോഗിക്കാതെ ഫണ്ട് നഷ്ടപ്പെടുത്തിയത് വിശദീകരിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പിലാക്കാത്തവ |
|---|---|---|---|---|---|
| 195 | 106835211 | 86 | 62023836 | 67 | 42 |

ഡി.പി.സി. അഗീകാരം ലഭിച്ച 195 പ്രൊജക്ടുകളിൽ 86 എണ്ണം ഓഡിറ്റ വർഷം നടപ്പാക്കിയിട്ടുണ്ട്. ആകെ പദ്ധതി അടങ്കലായി 10,68,35,211/- രൂപ വകയിരുത്തിയതിൽ 6,20,23,836/- രൂപ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 1,00,49,071/- രൂപ തനതു ഫണ്ടിൽ നിന്നുമാണ് ചെലവഴിച്ചിട്ടുള്ളത്.

## 1-6 വാർഷിക കണക്ക് - അപാകതകൾ

2021-22 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. ഡെപ്പോസിറ്റ് വർക്കിനായി തൻവർഷം കെ.എസ്.ഇ.ബി യിൽ 109037/- രൂപയും ഭൂജല വകുപ്പിൽ 2,36,050/- രൂപയും ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്, എന്നാൽ ആയത് ബാലൻസ് ഷീറ്റിലെ ബി 18 ഷെഡ്യൂളിലെ Advance To Implementing Agencies എന്ന ഹെഡിൽ ഉൾപ്പെട്ടിട്ടില്ല .
2. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി.4ൽ 320200322എന്ന ഹെഡിൽ പ്രത്യേക ഉദ്ദേശത്തിനായി ശുചിത്വ മിഷനിൽ നിന്നും വന്ന ഗ്രാന്റിന്റെ നീക്കിയിരിപ്പ് 3225347/- രൂപയാണ് എന്നാൽ എ.സി.ആർ പ്രകാരമുള്ള നീക്കിയിരിപ്പ് 2565998/- രൂപയാണ് .
3. Audit Recovery Based On Charge Certificates RP (10) എന്ന ഹെഡ് പ്രകാരമുള്ള വരവ് 62700/- രൂപയാണ് ,എന്നാൽ ഈ ഇനത്തിലെ ആകെ രശീതികൾ പരിശോധിച്ചതിൽ 71777/-രൂപയാണ് വരവ്. ആയത് ഓഡിറ്റ് റിക്കവറി എന്ന ഹെഡിൽ ആയിരുന്നു ഉൾപ്പെടുത്തേണ്ടിയിരുന്നത്.
4. ഭവന വായ്പാ രജിസ്റ്റർ പ്രകാരം ചോറോട് സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നെടുത്ത വായ്പയിൽ തിരിച്ചടക്കാൻ ബാക്കിയായി 2021-22 ലെ മുന്നിരിപ്പായി കാണിച്ചത് 41,56,688/- രൂപയാണ്, യഥാർത്ഥത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ളത് 44,40,160/- രൂപയാണ്. Housing And House Electrification ഇനത്തിനായി ചെലവഴിച്ച 283472/- രൂപ തെറ്റായി ഭവന വായ്പാ തിരിച്ചടവ്

ശീർഷകത്തിൽ ഉൾപ്പെടുത്തിയതാണ് കാരണം. ആയത് 2021-22 ലും പരിഹരിച്ചിട്ടില്ല .

5. RP 34 Deposits Recieved എന്ന ശീർഷകത്തിൽ 340100103 Bidders' Earnest Money Deposit എന്ന കോഡിൽ 16450/- രൂപയാണ് ഡെപ്പോസിറ്റ് ഇനത്തിൽ തിരിച്ചു നൽകിയത്, എന്നാൽ രജിസ്റ്റർ പരിശോധിച്ചതിൽ 16,850/- രൂപയാണ് ഡെപ്പോസിറ്റ് ഇനത്തിൽ തിരിച്ചു നൽകിയത് .

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും തുടർവർഷത്തിൽ Correct ചെയ്യാവുന്നവ ചെയ്ത് വിവരം അറിയിക്കേണ്ടതുമാണ്.

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19-01-2023 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 16,631/- രൂപ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-8 കൃഷി ഓഫീസറുടെ രശീതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

വിവിധ പദ്ധതികളുടെ ഗുണഭോക്തൃ വിഹിതം പിരിക്കുന്നതിനായി കൃഷി ഓഫീസർക്ക് ഗ്രാമ പഞ്ചായത്തിൽ നിന്നും 19.2.22 മുതൽ 16.1.23 വരെ തിയ്യതികളിലായി 15 രശീതി ബുക്കുകൾ വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത രശീതി ബുക്കുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു .

**1. കളക്ഷൻ രജിസ്റ്റർ സൂക്ഷിക്കുന്നില്ല .**

രശീതി പ്രകാരമുള്ള പിരിവ് വിവരം രേഖപ്പെടുത്തി പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

**2.ദിവസേനയുള്ള കളക്ഷൻ തൊട്ടടുത്ത പ്രവൃത്തി ദിവസം അടവാക്കുന്നില്ല.**

കെ.എഫ്.സി.വോള്യം 1 ആർട്ടിക്കിൾ 7(2) പ്രകാരം ദിവസേനയുള്ള കളക്ഷൻ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ അടവാക്കേണ്ടതാണ്. എന്നാൽ പ്രസ്തുത വ്യവസ്ഥ ഇവിടെ പാലിക്കുന്നില്ല.

| രശീതി ഇഷ്യൂ ചെയ്ത തിയ്യതി | രശീതി ബുക്ക് നമ്പർ | പണം പിരിച്ച തിയ്യതി | പിരിച്ച ആകെ പണം | തുക പഞ്ചായത്തിൽ അടവാക്കിയ തിയ്യതി |
|---|---|---|---|---|
| 19.02.22 | 18264 | 9.03.22 | 7105 | 23.03.22 ലെ 121020108109, 121020108110 നമ്പർ രശീതികൾ പ്രകാരം |
| 23.02.22 | 18265 | 11.03.22 | 9190 | |
| 23.02.22 | 18266 | 11.3.22 മുതൽ 19.3.22 | 10450 | |

| | | | | |
|---|---|---|---|---|
| | | വരെ | | |
| 23.02.22 | 18267 | 19.3.22 മുതൽ 22.3.22 വരെ രശീതി നമ്പർ 37 മുതൽ ഉപയോഗിച്ചിട്ടില്ല. | 3694 | പഞ്ചായത്തിൽ അടവാക്കി . |
| 23.02.22 | 18268 | 23.02.22 ന് അനുവദിച്ച 4 രശീതിബുക്കുകൾ അനുവദിച്ചതിൽ 18268 നമ്പറിലുള്ള ബുക്ക് തീരേ ഉപയോഗിക്കാത്തതിനാൽ തിരികേ പഞ്ചായത്തിൽ സമർപ്പിച്ച് വീണ്ടും സ്റ്റോക്കിൽ എടുക്കുന്നതിന് പകരം മുഴുവൻ രശീതികളും ക്യാൻസൽ ചെയ്തു . | | |
| 11.01.23 | 18300 | 11.01.23 | 40255 | 19.01.23 |
| | 18301 | | 35475 | 19.01.23 |
| | 18302 | | 34075 | 19.01.23 |
| | 18303 | | 51515 | 19.01.23 |
| | 18304 | | 312575 | 19.01.23 |
| | 18305 | | 36785 | 19.01.23 |

3. ഡബിൾസൈഡഡ് കാർബൺ ഉപയോഗിച്ചിട്ടില്ല.

ചുവടെ ചേർക്കുന്ന രശീതികളിൽ ഡബിൾസൈഡഡ് കാർബൺ ഉപയോഗിച്ചല്ല രേഖപ്പെടുത്തലുകൾ വരുത്തിയത് .

| | |
|---|---|
| രശീതി ബുക്ക് നമ്പർ | 18264, 18265, 18266, 18267, 18300, 18301, 18302, |

4.ഒരേ സമയം ഒന്നിലധികം രശീതികൾ അനുവദിക്കുന്നു .

ചട്ടം 83 പ്രകാരം ഒഴിവാക്കാനാവാത്ത സന്ദർഭങ്ങളിൽ ഒഴികെ ലഭിച്ച രശീതി ബുക്കുകൾ പൂർണ്ണമായും ഉപയോഗിച്ച് തീരുകയും കൗണ്ടർ ഫോയിൽ പഞ്ചായത്തിൽ തിരിച്ചേൽപ്പിക്കുകയും ചെയ്യാതെ പുതിയ രശീതി ബുക്കുകൾ നൽകുവാൻ പാടില്ല. എന്നാൽ പ്രസ്തുത വ്യവസ്ഥ പാലിക്കാതെയാണ് കൃഷി ഓഫീസർക്ക് 23.02.22 ന് 4 ഉം 11.01.2023 ന് 10 ഉം രശീതി ബുക്കുകൾ ഇഷ്യൂ ചെയ്തത്. മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

1-9 തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ തൊഴിൽ, വ്യപാരം, വ്യവസായം, മറ്റ് വരുമാനമാർഗ്ഗങ്ങളിൽ ഏർപ്പെടുന്നവർ എന്നിവർ ഉൾപ്പടെ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് സ്ഥാപനം ഉറപ്പ് വരുത്തിയിട്ടില്ല. തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലുള്ള നടപടിക്രമങ്ങളിലെ വീഴ്ച ഇത് വ്യക്തമാക്കുന്നു. നികുതി പരിധിയിൽ നിന്നും ബാധ്യതപ്പെട്ടവർ ആരും തന്നെ ഒഴിഞ്ഞു പോകാതിരിക്കാൻ താഴെ പറയുന്ന നടപടിക്രമങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ട്, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയിൽ നിഷ്കർഷിച്ചിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 205 ബി, കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ -ചട്ടം 13 പ്രകാരം എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നോട്ടീസ് നല്കി നിശ്ചിത ഫോറത്തിൽ വിവരങ്ങൾ വാങ്ങേണ്ടതാണ്. കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങൾ -ചട്ടം 14 പ്രകാരം നോട്ടീസ് മൂലം സെക്രട്ടറിക്ക് തൊഴിലുടമയോട് ജീവനക്കാരോ, ഉദ്യോഗസ്ഥൻമാരോ കരാറുകാരോ ആയി ജോലി ചെയ്യുന്ന എല്ലാവരുടെയും പേര് അടങ്ങിയ ലിഖിതമായ ലിസ്റ്റ് അങ്ങനെ ജോലിയിൽ ഏർപ്പെടുത്തിയിട്ടുള്ള ആളുടെ ശമ്പളത്തേയോ വരുമാനത്തേയോ സംബന്ധിച്ച ഒരു സ്റ്റേറ്റ്മെന്റ് സഹിതം നികുതി റിട്ടേൺ എല്ലാ സ്ഥാപനങ്ങളും സമർപ്പിക്കേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ -ചട്ടം 16 പ്രകാരം തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ തൊഴിലെടുക്കുന്നവരുടെ വിവരം രണ്ടാം നമ്പർ ഫോറത്തിൽ ലഭ്യമാക്കാൻ, ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നല്കേണ്ടതാണ്.

വാടകയിലൂടെ വരുമാനമാർജ്ജിക്കുന്ന കെട്ടിട ഉടമകളെ ഉൾപ്പെടുത്തിയും ക്രമനം 1 ൽ സൂചിപ്പിച്ച, കെട്ടിട ഉടമകൾ ലഭ്യമാക്കുന്ന വിവരങ്ങളും 2ൽ സൂചിപ്പിച്ച ഫോറം 2ലെ വിവരങ്ങളും അടിസ്ഥാനപ്പെടുത്തിയുമാണ് ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കേണ്ടത്.

1.)എല്ലാ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേൺ പഞ്ചായത്തിൽ സമർപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല.

ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ 74 സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നല്കി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി റിട്ടേൺ സ്ഥാപന മേധാവികൾ സമർപ്പിക്കുകയും തൊഴിൽ നികുതി പഞ്ചായത്തിൽ ഒടുക്കുകയും ചെയ്തിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുള്ള എഫ്.ടി.ഇ&ഒ.എസ് ലൈസൻസ് അപേക്ഷകൾ, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേൺ സ്ഥാപന ഉടമകൾ പഞ്ചായത്തിൽ സമർപ്പിച്ചതായി കാണുന്നില്ല. ചില ഉദാഹരണങ്ങൾ

ചുവടെ ചേർക്കുന്നു

| ക്രമ നം | വാർഡ്/ കെട്ടിട നം | ലൈസൻസ് നം. | സ്ഥാപനം/ തൊഴിലുടമയുടെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | 4/307 A, B, C, D, E & H | 349/21-22 | ദിൽന ട്രേഡേഴ്സ്, പ്രജില വി.ടി.കെ | 5 |
| 2 | 4/436 G & H | 501/21-22 | ബാലരമ ഏജൻസീസ്, ജിതേഷ് ടി.കെ | 6 |
| 3 | 19/387 | 502/21-22 | Touch Clean Steam Car Wash, ഷിജിത്ത് ടി.എം | 2 |
| 4 | 20/556&557 | 524/21-22 | ABS Distribution, സരീഷ് വി.എം | 3 |
| 5 | 4/336 C&D | 528/21-22 | സൽക്കാര ഇൻ, വികാസ് വി.എസ് | 4 |
| 6 | 20/213 A&B | 531/21-22 | ഒജിൻ ഹോട്ടൽ & കൂൾബാർ, അബ്ദുൾ ഗഫൂർ | 4 |
| 7 | 13/413 | 539/21-22 | സാംനിയോ ലോജിസ്റ്റിക്സ്, നിയാസ് അഹമ്മദ് | 4 |
| 8 | 4/303 F&G | 543/21-22 | Ecom Express Pvt. | 14 |

| | | | | |
|---|---|---|---|---|
| | | | Ltd, സുധീർ ടി. | |
| 9 | 16/693 A | 546/21-22 | Secretary, Kerala Dinesh Beedi VWIC | 7 |
| 10 | 20/4 | 403/21-22 | Car Max Engineering, ഗീത സുരേന്ദ്രൻ | 3 |
| 11 | 5/387 A | 414/21-22 | പേൾമാർക്ക് ട്രേഡിങ്ങ്, ഹാരിസ് കെ.കെ | 3 |
| 12 | 20/307 A | 417/21-22 | N.K. Motors, കെ. ദിവാകരൻ | 6 |
| 13 | 13/405 | 418/21-22 | സേവറി ഫുഡ്സ്, കുഞ്ഞിമൂസ | 10 |
| 14 | 13/30A | 434/21-22 | വസതീയം, ബാബു സി.കെ | 3 |

തൊഴിലാളികളുടെ വരുമാനം സബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുന്ന റിട്ടേൺ സമർപ്പിക്കാൻ ഗ്രാമപഞ്ചായത്ത് ഫോറം ഒന്നിൽ നോട്ടീസ് നല്കുകയോ സ്ഥാപന ഉടമകൾ റിട്ടേൺ പഞ്ചായത്തിൽ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. ഇതുകൊണ്ട് തന്നെ ഈ ജീവനക്കാർ തൊഴിൽ നികുതിപരിധിയിൽ നിന്നും ഒഴിവായിപ്പോയിട്ടുണ്ട്.

(2) തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങളെ കണ്ടെത്തിയിട്ടില്ല.

2021-22 വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം 548 സ്ഥാപനങ്ങൾക്ക് എഫ് ടി ഇ എ & ഒ എസ് ലൈസൻസ് അനുവദിക്കുകയും തൊഴിൽ നികുതി ഈടാക്കുകയും ചെയ്തിട്ടുണ്ട്. അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രം ലൈസൻസ് പുതുക്കി നൽകുകയും തൊഴിൽ നികുതി ഈടാക്കുകയും ചെയ്യുന്നതിനാൽ ബാക്കി കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി പ്രവർത്തിക്കുന്നുണ്ടോ എന്നത് വ്യക്തമല്ല. വാർഡ് ക്ലാർക്കുമാർ ഫീൽഡ് പരിശോധന നടത്താത്തതിനാൽ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്താനും ഈ സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കാനും സാധിച്ചിട്ടില്ല.

തൊഴിൽനികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ, തൊഴിലാളികൾ, വരുമാനദായകർ

എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-10 പൊതുമരാമത്ത് പ്രവർത്തികളുടെ കരാർ ചമക്കുന്നതിൽ വീഴ്ച.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയതും ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപറേറ്റീവ് സൊസൈറ്റി പ്രവൃത്തി നിർവ്വഹിച്ചതുമായ പൊതുമരാമത്ത് പ്രവൃത്തികളുടെ കരാർ മുദ്രപേപ്പറിൽ തയ്യാറാക്കുന്നതിന് പകരം ലീഗൽ പേപ്പറിലാണ് തയ്യാറാക്കിയിട്ടുള്ളത്. സ്ഥാപനത്തിനെ നേരിട്ട് ഏൽപ്പിച്ച് നൽകിയിട്ടുള്ളതും ടെണ്ടർ മുഖേന കരാറെടുത്തതുമായ ഒരു പ്രവർത്തിക്ക് പോലും ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപറേറ്റീവ് സൊസൈറ്റി മുദ്രപത്രത്തിൽ കരാർ വെച്ചിട്ടില്ല. 2021-22 വർഷത്തിൽ 17089000 രൂപ കരാർ മൂല്യമുള്ള പ്രവർത്തികളാണ് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപറേറ്റീവ് സൊസൈറ്റി നിർവ്വഹിച്ചിട്ടുള്ളത്. മേൽ പ്രവർത്തികൾക്ക് കുറഞ്ഞത് 17,080/- രൂപ മൂല്യമുള്ള മുദ്രപേപ്പറുകൾ വേണമെന്നിരിക്കെ ലീഗൽ പേപ്പറിൽ കരാർ തയ്യാറാക്കിയതിലൂടെ സംസ്ഥാന സർക്കാരിന് വരുമാന നഷ്ടമുണ്ടായിട്ടുണ്ട്. അപാകതക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും സംസ്ഥാന സർക്കാരിനുണ്ടായിട്ടുള്ള നഷ്ടം നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-11 പ്രവർത്തി പൂർത്തീകരണത്തിൽ കാലതാമസം- പിഴ ഈടാക്കിയില്ല

2021-22 വർഷത്തിൽ പൂർത്തീകരിച്ച താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടുണ്ടെങ്കിലും 2012 ലെ പുതുക്കിയ കേരള പി.ഡബ്ല്യു.ഡി മാന്വൽ സെക്ഷൻ 2112.1 പ്രകാരമുള്ള പിഴ കരാറുകാരനിൽ നിന്നും ഈടാക്കിയിട്ടില്ല. പ്രവൃത്തി ദീർഘീകരണത്തിന് കരാറുകാരൻ, നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖാന്തരം അപേക്ഷ സമർപ്പിച്ചതായും കാണുന്നില്ല. കരാറുകാരന്റെ പിഴവ് മൂലം പൊതുമരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടി വരുമ്പോൾ കരാറുകാരൻ നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖേന അപേക്ഷ സമർപ്പിക്കണം . ഈ അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി പി.എ.സി തുകയുടെ 1% പിഴ ഈടാക്കി പൂർത്തീകരണ കാലാവധിയുടെ 25 % വരെ (പരമാവധി 6 മാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ച് നല്കാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുമ്പോൾ 2% പിഴയാണ് ഈടാക്കേണ്ടത്. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% അധികമാകുവാനും പാടുള്ളതല്ല. എന്നാൽ 6 മാസ കാലാവധിയ അനുവദിച്ചിട്ടുള്ള പദ്ധതികളിൽ

പരമാവധി കാലയളവായ 9 മാസത്തിൽ അധികരിച്ചാണ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ, പ്രോജക്ട് | കരാർ തിയ്യതി | ടി.എസ് പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലാവധി | എം.ബുക്ക് പ്രകാരം പ്രവൃത്തി പൂർത്തീകരിച്ച തിയ്യതി | പി.എ.സി തുക | കരാറുകാരൻ | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|---|---|
| 1. | 146/22, എൽ.പി.യു.പി സ്കൂളുകളിൽ ടോയിലറ്റ് സൗകര്യം ഏർപ്പെടുത്തൽ. | 27.05.2019 | 6 മാസം+ 6 മാസം ഇളവ് | 25.08.2020 തുക നൽകുന്നതിലുണ്ടായിട്ടുള്ള കാലതാമസം നിശദീകരിച്ചിട്ടില്ല. | 533874 | ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപറേറ്റീവ് സൊസൈറ്റി | 16016 |
| 2 | 157/22, മത്തത്ത് മുക്ക് പിലാക്കാട്ടിൽ പൊയിൽ താഴ റോഡ് ടാറിംഗ് | 02.11.2020 | 6 മാസം+ 6 മാസം ഇളവ് | 02.03.22 | 600000 | ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപറേറ്റീവ് സൊസൈറ്റി. | 18000 |

2012 ലെ പുതുക്കിയ കേരള പി.ഡബ്ല്യു.ഡി മാന്വൽ സെക്ഷൻ 2112 പ്രകാരം കരാറുകാരൻ കരാറിലേർപ്പെടുന്നതിന് മുൻപ് പ്രവൃത്തിയുടെ ഓരോ ഘട്ടത്തിന്റെയും പൂർത്തീകരണ സമയക്രമം വ്യക്തമാക്കി നിർവ്വഹണ സമയക്രമം വിശദമാക്കുന്ന സ്റ്റേറ്റ്മെന്റ് പഞ്ചായത്തിന് സമർപ്പിക്കേണ്ടതും ആയത് കരാറിന്റെ ഭാഗമാക്കേണ്ടതുമാണ്. മേൽ വ്യവസ്ഥ പാലിക്കാതിരുന്നത് പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസമുണ്ടാക്കിയിട്ടുണ്ട്. അപാകതക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-12 ആസ്തി സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ ആമത്തോട് ശുചീകരണം എന്ന പദ്ധതി

പ്രകാരം (പ്രോജക്ട് നം.252/22) തോട്ടിൽ നിന്നും ചളി ഉൾപ്പെടെയുള്ള മാലിന്യങ്ങൾ നീക്കം ചെയ്തിട്ടുണ്ട്. പ്രസ്തുത തോട് പഞ്ചായത്തിന്റെ ആസ്തിയിലുൾപ്പെട്ടതാണെന്ന് തെളിയിക്കുന്ന രേഖകൾ ഒന്നും തന്നെ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം തോടിന്റെ പരമാവധി വീതി 4 മീറ്ററും കുറഞ്ഞ വീതി 2.2 മീറ്ററുമാണ്. എന്നാൽ എം ബുക്ക് പ്രകാരം തോടിന്റെ പരമാവധി വീതി 3.6 മീറ്ററും കുറഞ്ഞ വീതി 1.4 മീറ്ററുമാണ്. തോടിന്റെ നീളവും വീതിയും സംബന്ധിച്ച രേഖകളുടെ അഭാവത്തിൽ സർവ്വെ നടത്തി കയ്യേറ്റങ്ങളുണ്ടായിട്ടില്ലെന്ന് ഉറപ്പ് വരുത്താതെ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 218(1) മുതൽ 218(4) വരെയുള്ള വകുപ്പുകൾ പ്രകാരം ആക്ട് നിലവിൽ വരുന്ന തീയതി മുതൽ എല്ലാ ജലമാർഗ്ഗങ്ങളും, നീരുറവകളും, ജലസംഭരണികളും, നദികളുടെ തടങ്ങളും തീരങ്ങളും, തടാകങ്ങളും ചെറുകായലുകളും, നീരുറവകളും കുളങ്ങളും നീർത്തടങ്ങളും കെട്ടിനിൽക്കുന്നതും ഒഴുകിപോകുന്നതുമായ എല്ലാ ജലവും നീരുറവകളും ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കപ്പെട്ടിരിക്കുന്നു. മേൽ വകുപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കപ്പെട്ടിരിക്കുന്ന അവകാശങ്ങളും ബാദ്ധ്യതകളും നിർവ്വഹിക്കുന്നതിന് സഹായകമാകും വിധം ഗ്രാമപഞ്ചായത്ത് പ്രസ്തുത ആസ്തികളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുകയോ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. രേഖകളുടെ അഭാവത്തിൽ ആമതോട് ഗ്രാമപഞ്ചായത്തിന്റെ ആസ്തിയാണെന്ന് ഉറപ്പ് വരുത്തുന്നതിനോ ആസ്തിയുടെ അളവ് തിട്ടപ്പെടുത്തുന്നതിനോ ഓഡിറ്റിന് സാധിച്ചിട്ടില്ല. ആസ്തി ഗ്രാമപഞ്ചായത്തിന്റേത് ആണെങ്കിൽ സർവ്വെ നടത്തി അളവുകൾ തിട്ടപ്പെടുത്തേണ്ടതും കയ്യേറ്റങ്ങളുണ്ടായിട്ടുണ്ടെങ്കിൽ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

പ്രവൃത്തിയുടെ ഭാഗമായി തോട്ടിൽ നിന്നും 880.1 ക്യൂബിക് മീറ്റർ ചളി ഖനനം ചെയ്തതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് എന്ത് ചെയ്തു എന്നതും വ്യക്തമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ആസ്തി സംബന്ധിച്ച വ്യക്തത വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-13 ഫോം വർക്ക് ചെയ്യാതെ തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ വിവിധ റോഡ് കോൺക്രീറ്റ് പ്രവൃത്തികളിൽ റോഡ് കോൺക്രീറ്റിംഗിന് ഉപയോഗപ്പെടുത്തിയിട്ടുള്ള ഇനം Mord SOR 75.8.1 പ്രകാരമുള്ളതാണ്. പ്രസ്തുത ഇനത്തിന്റെ ഡാറ്റ പരിശോധിച്ചതിൽ നിന്നും ആകെ തുകയുടെ 4 ശതമാനം ഫോം വർക്കിനായാണ് വകയിരുത്തിയിട്ടുള്ളത്. 24.1.23 തിയ്യതിയിൽ സ്ഥല പരിശോധന നടത്തിയതിൽ പുതുവയൽമുക്ക് സൂപ്പിക്കുനി മുക്ക് പുളിഞ്ഞോളി മുക്ക് വരെ കോൺക്രീറ്റ് റോഡ് (പ്രോജക്ട് നം.17/22) എന്ന പ്രവൃത്തിക്ക്

ഫോം വർക്ക് ഭാഗികമായി മാത്രമെ നിർവ്വഹിച്ചിട്ടുള്ളൂ എന്ന് വ്യക്തമായിട്ടുണ്ട്. ഇരുവശത്തും കയ്യാലയും മതിലുകളുമുള്ള റോഡിന് ഫോം വർക്ക് ആവശ്യമില്ലെന്നത് വ്യക്തമാണ്. ഫോംവർക്ക് ആവശ്യമില്ലാത്ത പ്രവൃത്തികൾക്കും നാല് ശതമാനം ഫോം വർക്ക് ഉൾപ്പെടെയുള്ള നിരക്ക് നൽകുന്ന പ്രവണത സ്ഥാപനത്തിൽ നിലനിൽക്കുന്നുണ്ട്. എല്ലാ കോൺക്രീറ്റ് പേവ്മെന്റ് പ്രവൃത്തികൾക്കും ആവശ്യകത പരിഗണിക്കാതെ ഇതേ ഇനമാണ് ഉപയോഗപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാണ്. ഫോം വർക്ക് ആവശ്യമില്ലാത്ത പ്രവൃത്തികൾക്കും 75.8.1 എന്ന ഇനം അനുവദിച്ചതിലൂടെ പഞ്ചായത്ത് ഫണ്ടിൽ നിന്നും അധിക ചെലവുണ്ടായിട്ടുണ്ട്.

ഫോം വർക്ക് ഒഴിവാക്കിയ ഒബ്സർവ്ഡ് ഡാറ്റ സ്വീകരിച്ചും (Mord 75.8.1.1 A) ബിൽ തയ്യാറാക്കുന്ന വേളയിൽ ഫോം വർക്കിനുള്ള തുക ഒഴിവാക്കിയും അപാകത പരിഹരിക്കാനുള്ള അവസരം നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രയോജനപ്പെടുത്തിയിട്ടില്ല. മറ്റ് പ്രവൃത്തികളിലും സമാനമായ അപാകത സംഭവിച്ചിരിക്കാനുള്ള സാഹചര്യം നിലവിലുണ്ട്. അപാകതക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ തന്നെ ഫോം വർക്ക് ആവശ്യമില്ലാത്ത പ്രവർത്തികൾക്ക് അനുയോജ്യമായ ഇനം തെരഞ്ഞെടുക്കാൻ ശ്രദ്ധിക്കേണ്ടതും അപാകത ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

1-14 വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയാത്ത പ്രൊജക്ടുകൾ നടപ്പിലാക്കി .

വനിതാ ഘടക പദ്ധതിയിലുൾപ്പെടുത്തി 2021-22 വർഷത്തിൽ ചോറോട് ഗ്രാമപഞ്ചായത്തിൽ കാർഷിക മേഖല, മൃഗസംരക്ഷണമേഖല എന്നിവയിൽ താഴെ കൊടുത്തിരിക്കുന്ന പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ: പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | പ്രോജക്ട് നമ്പർ 101/22 പച്ചക്കറി കൃഷി വികസനം - (വനിത) | വികസന ഫണ്ട് -227375/- മറ്റുള്ളവ 68125/- | വികസനഫണ്ട്- 176375/- മറ്റുള്ളവ 17125/- |

| | | | |
|---|---|---|---|
| 2 | പ്രോജക്റ്റ് നമ്പർ 71/22 കുറ്റിക്കുരുമുളക് വിതരണം (വനിത) | വികസന ഫണ്ട് -50000/- | വികസനഫണ്ട് -50000/- |
| 3 | പ്രോജക്റ്റ് നമ്പർ 69/22 ഇടവിളകൃഷി (വനിത) | വികസന ഫണ്ട് 657000/- | വികസന ഫണ്ട് 657000/- |
| 4 | കുരുമുളക് കൃഷി വനിതകൾക്ക് പ്രോജക്റ്റ് നമ്പർ 47/22 | വികസന ഫണ്ട് 10000/- | വികസന ഫണ്ട് 9900/- |
| 5 | പ്രോജക്റ്റ് നമ്പർ : 107 ആട് വളർത്തൽ (വനിത) | 240,000 – (വികസന ഫണ്ട്) 2,40,000- (മറ്റുള്ളവ ) | 240,000- (വികസന ഫണ്ട്) 2,40,000- (മറ്റുള്ളവ ) |
| 6 | പ്രോജക്റ്റ് നമ്പർ : 106 കറവയുള്ള പശു (വനിത) | 4,12,500 (വികസന ഫണ്ട്) 4,12,500 (മറ്റുള്ളവ ) | 3,85,000 (വികസന ഫണ്ട്) 3,85,000 (മറ്റുള്ളവ) |
| 7 | പ്രോജക്റ്റ് നമ്പർ : 108 കിടാരി വിതരണം- (വനിത) | 2,40,000 (വികസന ഫണ്ട്) 2,40,000- (മറ്റുള്ളവ ) | 1,76,000 (വികസന ഫണ്ട്) 1,76,000- (മറ്റുള്ളവ ) |
| 8 | പ്രോജക്റ്റ് നമ്പർ : 113 മുട്ടക്കോഴി (വനിത) | 4,98,000 (വികസന ഫണ്ട്) | 4,98,000 (വികസന ഫണ്ട്) |

| | | | |
|---|---|---|---|
| 9 | പ്രോജക്ട് നമ്പർ : 198 കറവയുള്ള പശു (വനിത) | 1,10,000 (വികസന ഫണ്ട്) 1,37,500 (മറ്റുള്ളവ ) | 1,10,000 (വികസന ഫണ്ട്) 1,37,500 (മറ്റുള്ളവ ) |
| 10 | പ്രോജക്ട് നമ്പർ : 199 ആട് വളർത്തൽ (വനിത) | 36,000 – (വികസന ഫണ്ട്) 60,000– (മറ്റുള്ളവ ) | 30,000– (വികസനഫണ്ട്) 54,000– ( മറ്റുള്ളവ ) |
| 11 | മുട്ടഗ്രാമം (വനിത) | 34,500 (വികസന ഫണ്ട്) 39,000 (മറ്റുള്ളവ ) | 1,500 (വികസന ഫണ്ട്) 6,000 (മറ്റുള്ളവ ) |

പദ്ധതി രൂപീകരണത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

സ.ഉ (കൈ)നം.11/2018/തസ്വഭവ.തീ.29.1.2018 ഖണ്ഡിക 6.3 പ്രകാരം സ്ത്രീകളുടെ തൊഴിലും വരുമാനവും സാമൂഹ്യ പദവിയും വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളായിരിക്കണം വനിതാഘടക പദ്ധതിയിൽ ലക്ഷ്യമിടേണ്ടത്. സ്ത്രീകൾക്കും പുരുഷൻമാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പ്രോജക്ടുകൾ വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല. ഉത്പദനാധിഷ്ഠിതവും സേവനാധിഷ്ഠിതവുമായ നൂതന സംരംഭങ്ങൾ കുടുംബശ്രീയുടെ സഹായത്തോടെ ആരംഭിക്കാനുള്ള പ്രോജക്ടുകൾക്ക് രൂപം നൽകാവുന്നതാണ്. സ്ത്രീകളുടെ തൊഴിൽ, വരുമാന വർദ്ധനവിനായി -സ്വയം തൊഴിൽ സംരംഭങ്ങൾക്ക് പുറമെ സ്ത്രീകളുടെ ലേബർബാങ്ക്, സ്വയം തൊഴിൽ സംരംഭകരുടെ ഉത്പന്നങ്ങളുടെ വിപണനത്തിന് വിപണന കേന്ദ്രങ്ങൾ എന്നിവ ആരംഭിക്കാവുന്നതാണ്. സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ നേരിടുന്നതിന് അനുയോജ്യമായ പ്രോജക്ടുകൾ, സ്കൂളുകളിൽ പെൺകുട്ടികളുടെ സൗകര്യാർത്ഥം നാപ്കിൻ വെൻഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കൽ, പ്രതിരോധ പരിശീലന പരിപാടികളായ തായ്ക്കൊണ്ട, ജൂഡോ, കരാട്ടെ, യോഗ എന്നിവയിൽ പരിശീലനങ്ങൾ നൽകൽ തുടങ്ങിയവയാണ് വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നവ.

തൻവർഷം വനിതകൾക്കുള്ള സബ്സിഡിയായി കാർഷികമേഖലയിൽ 8,93,275/- രൂപയും, മൃഗസംരക്ഷണമേഖലയിൽ 14,40,500/- രൂപയും ചെലവഴിച്ചിട്ടുണ്ട്. വനിതകൾക്ക് കാർഷികമേഖലകളിലും മൃഗസംരക്ഷണമേഖലകളിലും അനുവദിക്കുന്ന സബ്സിഡി, വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല.

പദ്ധതികൾ നടപ്പിലാക്കുമ്പോൾ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെ നിർവ്വഹണം നടത്തിയതിന് വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമായിട്ടില്ല. പദ്ധതി നിർവ്വഹണത്തിൽ മാർഗ്ഗ രേഖയിലെ നിർദ്ദേശം പാലിക്കേണ്ടതാണ്.

1-15 മരണപ്പെട്ടവരുടെ പെൻഷൻ സമയബന്ധിതമായി റദ്ദ് ചെയ്യപ്പെടുന്നില്ല.

വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ ഫയലുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപെട്ടു.

പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ട മരണപ്പെട്ടവരുടെ പെൻഷൻ റദ്ദ് ചെയ്യപ്പെടാതെ മാസങ്ങളോളം അക്കൗണ്ടിൽ പണം നിക്ഷേപിക്കപ്പെടുന്നു. വീടുകളിലെത്തി നേരിട്ട് നൽകപ്പെടുന്നവരുടെ പെൻഷൻ മാത്രമാണ് സമയബന്ധിതമായി റദ്ദ് ചെയ്യപ്പെടുന്നത്. പഞ്ചായത്ത് പരിധിയ്ക്ക് പുറത്ത് വച്ച് മരണപ്പെട്ടവരുടേയോ, മറ്റ് കാരണങ്ങളാൽ പെൻഷനിൽ നിന്ന് ഒഴിവാക്കപ്പെടേണ്ടവരുടേയോ വിവരങ്ങൾ അറിയുന്നതിനുള്ള സംവിധാനം പഞ്ചായത്തിൽ നിലവിൽ ഇല്ല. സെക്രട്ടറി പെൻഷൻ ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ സസ്പെന്റ് ചെയ്യുന്നതുവരെയുള്ള ദിവസങ്ങളിൽ പെൻഷൻ മരണപ്പെട്ട വ്യക്തിയുടെ അക്കൗണ്ടിലേക്ക് പോവുന്നതാണ്. അതിനാൽ അനർഹരായവർക്ക് പെൻഷൻ നൽകിക്കൊണ്ടിരിക്കുന്നതിനുള്ള സാധ്യത നിലനിൽക്കുന്നു. ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ ഫയലുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| പെൻഷൻ എെഡി | പേര് | മരണം | മരണ ശേഷവും അധികമായി നൽകിയ മാസങ്ങൾ | തുക |
|---|---|---|---|---|
| 109950202262 | ബാലകൃഷ്ണ | 19/05/2021 | 4 മാസം | 2400 |

| | | | | |
|---|---|---|---|---|
| | കുറുപ്പ് പി. | | | |
| 109950202398 | ബാസ്കരൻ.കെ. | 01/06/2021 | 4 മാസം | 2400 |

ജി.ഒ(എം.എസ്) നം.97/2020/ധന തീ. 23-09-2020 പ്രകാരം മരണപ്പെട്ടവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാൻ പഞ്ചായത്ത് സെക്രട്ടറിമാർ ബാധ്യസ്ഥരാണ്. അതിനാൽ പഞ്ചായത്തിൽ നിലവിൽ പെൻഷൻ നൽകിക്കൊണ്ടിരിക്കുന്ന മുഴുവൻ ഗുണഭോക്താക്കളുടെയും വിവരം വാർഡ് മെമ്പർമാരെയും അങ്കണവാടി ജീവനക്കാരെയും ആശാ വർക്കർമാരെയും ഉപയോഗപ്പെടുത്തി മരണപ്പെട്ടവർക്ക് പെൻഷൻ നൽകുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതും തുടർന്നുള്ള എല്ലാ മാസങ്ങളിലും മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരം അങ്കനവാടി/ആശാ വർക്കർമാർ എന്നിവർ മുഖാന്തിരം മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഇതിനായി പ്രത്യേക രജിസ്റ്റർ സൂക്ഷിക്കാവുന്നതുമാണ്. അധികമായി നൽകിയ തുക തിരിച്ചടയ്ക്കാൻ വ്യക്തികൾക്കോ അവരുടെ കുടുംബാംഗങ്ങൾക്കോ കത്ത് നൽകേണ്ടതും തുക തിരിച്ചടയ്ക്കപ്പെട്ടുവെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. പെൻഷൻ റദ്ദ് ചെയ്യാൻ ലഭിക്കുന്ന അപേക്ഷകൾക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.

അധികമായി നൽകിയ പെൻഷൻ തുക തിരിച്ച് ഈടാക്കാത്തപക്ഷം പഞ്ചായത്ത് സെക്രട്ടറിയുടെ വ്യക്തിഗത ബാധ്യതയാണ്. അനർഹരായവർക്ക് പെൻഷൻ നൽകുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതും അധികമായി നൽകിയ തുക തിരിച്ചടയ്ക്കാൻ വ്യക്തികൾക്കോ അവരുടെ കുടുംബാംഗങ്ങൾക്കോ കത്ത് നൽകേണ്ടതും, തുക തിരിച്ചടച്ച് അറിയിക്കേണ്ടതുമാണ്.

1-16 കരാർ വെക്കാതെ കെ.എസ്.ഇ.ബി. യിൽ തുക ഡെപ്പോസിറ്റ് ചെയ്തു

| | |
|---|---|
| പ്രോജക്റ്റ് നമ്പർ/ പേര് | 14/21-22 (തെരുവ് വിളക്ക് ലൈൻ വലിക്കൽ) |
| അടങ്കൽ | 673472/- (വികസന ഫണ്ട് ജനറൽ) |
| ചെലവ് | 673472/- |
| ബിൽ നമ്പർ/ തിയ്യതി | 335/18.2.2022 (469994/-) |
| | 439/22.3.2022 (203478/-) |

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ ഇലക്ട്രിക് ലൈൻ വലിക്കുന്നതിനാണ് മേൽ പദ്ധതി തയ്യാറാക്കിയത്. മുട്ടുങ്ങൽ സെക്ഷന കീഴിൽ വരുന്ന 14 വാർഡുകളിലേക്ക് 18.2.22 ന് 4,69,994/- രൂപയും ഓർക്കാട്ടേരി സെക്ഷന കീഴിൽ വരുന്ന 6 വാർഡുകളിലേക്ക് 22.3.2022 ന് 2,03,478/- രൂപയും ഉൾപ്പെടെ ആകെ 6,73,472/- രൂപ ബന്ധപ്പെട്ട ഇലക്ട്രിക്കൽ സെക്ഷനുകളിൽ നിർവ്വഹണ ഉദ്യോഗസ്ഥ

അടവാക്കിയിട്ടുണ്ട്. സ.ഉ.(കൈ)നം. 11/2018/ തസ്വഭവ. തിയ്യതി 29.1.2018 പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 11.1(ഡി) (Ii) പ്രകാരം തദ്ദേശ ഭരണ സ്ഥാപനം ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് ബന്ധപ്പെട്ട സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ട ശേഷം മാത്രമേ തുക മുൻകൂർ നൽകാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനു വിരുദ്ധമായി കരാർ വെക്കാതെ തുക കെ.എസ്.ഇ.ബി. യിൽ ഡെപോസിറ്റു ചെയ്തതിന് വിശദീകരണം ആവശ്യപ്പെട്ട് 24.1.2023 ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കരാർ വെക്കാതെ തുക കെ.എസ്.ഇ.ബി. യിൽ ഡെപ്പോസിറ്റു ചെയ്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതും പദ്ധതിയുടെ പൂർത്തീകരണം സംബന്ധിച്ച വിവരങ്ങളും മോണിറ്ററിംഗ് റിപ്പോർട്ടും ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്. ചെലവു തുക 6,73,472/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

### 1-17 അനുബന്ധരേഖകൾ ഹാജരാക്കിയില്ല

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ താഴെ പറയുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

| പ്രോജക്ട് നം. | ചെലവു തുക | ആവശ്യം | റിമാർക്സ് |
|---|---|---|---|
| 188/22 | 121000 | ജെറിയാട്രിക് റൂം വയറിംഗ് | പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ മോണിറ്ററിംഗ് റിപ്പോർട്ട്, ഫൈനൽ ബിൽ എന്നിവ സഹിതം ഹാജരാക്കേണ്ടതാണ്. |
| 189/22 | 72000 | ഫീഡിംഗ് റൂം വയറിംഗ് | |
| 7/22 | 116250 | ഐ.കെ.എം. വിഹിതം നൽകൽ | തുകയുടെ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. |
| 40/22 | 500000 | എസ്.എസ്.എ. വിഹിതം നൽകൽ | കൈപ്പറ്റ്, തുകയുടെ വിനിയോഗവിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല. |

മേൽ പറഞ്ഞ രേഖകൾ ഓഡിറ്റിന് ഹാജരാക്കാൻ ആവശ്യപ്പെട്ട് 24.1.2023 ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവു തുക 8,09,250/- രൂപ തടസ്സത്തിൽ വെക്കുന്നു.

### 1-18 അംഗൻവാടികൾക്ക് ബോർവെൽ നിർമ്മാണം - തുക ഡെപ്പോസിറ്റ് ചെയ്തത് -വിനിയോഗവിവരം ഇല്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ/ പേര് | 187/22 (അങ്കണവാടികൾക്ക് ബോർവെൽ നിർമ്മാണം) |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | 5,00,000/- (400347/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്, 99653/- തനതുഫണ്ട്) |
| ചെലവ് | 181825/- |
| ബിൽ നമ്പർ/ തിയ്യതി | 197/4.12.2021 (86050/-) |
| | 305/4.2.2022 (17415/-) |
| | 508/30.3.2022 (78360/-) |

മേൽ ബില്ലുകൾ പ്രകാരം ഗ്രാമപഞ്ചായത്തിലെ വിവിധ അങ്കണവാടികളിലും എം.സി.എഫ്. കേന്ദ്രത്തിലും ബോർവെൽ നിർമ്മിക്കുന്നതിന് 1,81,825/- രൂപ കോഴിക്കോട് ഭൂജല വകുപ്പിന്റെ ഓഫീസിൽ അടവാക്കിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗവിവരവും പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിവരവും അറിയിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 24.1.2023 ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗം/പൂർത്തീകരണ വിവരങ്ങൾ അറിയിക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ 1,81,825/- രൂപ തടസ്സപ്പെടുത്തുന്നു.

### 1-19 ഹരിത കർമ്മസേന – പ്രശംസനീയമായ പ്രവർത്തനം

ഗ്രാമപഞ്ചായത്തിന്റെ 2021 ലെ പ്ലാസ്റ്റിക് വേസ്റ്റ്മാനേജ്മെന്റ് ബൈലോ 2.7.2022ന് PAN/10076/2022-C5(DP) നമ്പർ ഉത്തരവു നടപടികളിലൂടെ പഞ്ചായത്ത് ഡയറക്ടർ അംഗീകരിച്ചിട്ടുണ്ട്. 21 വാർഡുകളുള്ള പഞ്ചായത്തിൽ മാലിന്യ നിർമ്മാർജ്ജനത്തിനായി 29 കർമ്മസേനാംഗങ്ങളാണ് പ്രവർത്തിക്കുന്നത്. ഗ്രാമപഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ മേൽനോട്ടത്തിൽ വളരെയധികം പ്രശംസനീയമായ പ്രവർത്തനങ്ങളാണ് സേനാംഗങ്ങൾ നടത്തുന്നത്. എല്ലാ വാർഡുകളിലും മിനി എം.സി.എഫ്. കൾ സ്ഥാപിച്ചിട്ടുണ്ട്. അവിടങ്ങളിൽ നിന്നും ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ വേർതിരിക്കുന്നതിനും മറ്റും ഒരു എം.സി.എഫ്. കുരുക്കിലാട് എന്ന സ്ഥലത്ത് സ്ഥാപിച്ചിരുന്നെങ്കിലും 3/22 ന് പ്രസ്തുത കെട്ടിടം കത്തിപ്പോയതായി വി.ഇ.ഒ. അറിയിച്ചു. ആയതിനാൽ നിലവിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ വേർതിരിക്കൽ പ്രവർത്തനങ്ങൾ സുഗമമായി നടത്താൻ

സാധിക്കുന്നില്ല എന്നും അദ്ദേഹം അറിയിക്കുകയുണ്ടായി. വീടുകളിൽ നിന്ന് 50/- രൂപ തോതിലും വാണിജ്യ സ്ഥാപനങ്ങളിൽ നിന്ന് 100/- രൂപ തോതിലുമാണ് നിലവിൽ യൂസർഫീ വാങ്ങുന്നത്. കൺസോർഷ്യത്തിന് ചോറോട് സർവ്വീസ് സഹകരണബാങ്ക്, കനറാബാങ്ക് എന്നിവിടങ്ങളിലായി 2 അക്കൗണ്ടുകൾ ഉണ്ട് . 18.01.2023 ന് ചോറോട് സർവ്വീസ് സഹകരണ,ബാങ്കിലെ നീക്കിയിരിപ്പ് 509561/- രൂപയും കനറാബാങ്കിലെ നീക്കിയിരിപ്പ് 21.01.2023 ന് 370028/- രൂപയുമാണ്. സേനാംഗങ്ങളെ മൈക്രോ സംരംഭകരാക്കുന്നതിന്റെ മുന്നോടിയായി അവർക്ക് ആവശ്യമായ പരിശീലനം നൽകി എം.ജി.എൻ.ആർ.ഇ.ജി.എസ്. ന്റെ പ്രവൃത്തി സ്ഥലങ്ങളിലെ ബോർഡുകൾ സേനാംഗങ്ങളാണ് നിർമ്മിച്ചത്. അതിലൂടെ 2,43,000/- രൂപ ലഭിച്ചു. നിർമ്മാണ സാമഗ്രികൾക്കായി 18,000/- രൂപയുടെ ചെലവുണ്ടായിട്ടുണ്ടെങ്കിലും ഇനിയുള്ള പ്രവർത്തനങ്ങൾക്ക് ആയത് മുതൽക്കൂട്ടാണ്. എൽ.ഇ.ഡി. ബൾബുകളുടെ നിർമ്മാണത്തിനുള്ള പരിശീലനങ്ങൾ നൽകാനുള്ള നടപടികൾ സ്വീകരിക്കുന്നതിനുള്ള ലക്ഷ്യത്തിലാണ് സേനയുടെ ചുമതലയുള്ള വി.ഇ.ഒ. ചോറോട് ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനം മറ്റുള്ള പഞ്ചായത്തുകൾക്ക് ഒരു മാതൃകയാണ്.

## 1-20 റോഡ് നിർമ്മാണം - പദ്ധതി ആസൂത്രണത്തിലെ അപാകത

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ മത്തത്ത് മുക്ക് പിലാക്കാട്ട് പൊയിൽ താഴെ റോഡ് (പ്രോജക്ട് നം.157/22) എന്ന പ്രവൃത്തിയുടെ നിർവ്വഹണത്തിലും ആസൂത്രണത്തിലും താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1. പദ്ധതി പ്രകാരം സൈറ്റ് പരിശോധിച്ചതിൽ റോഡിന്റെ നിലവിലുള്ള സംരക്ഷണ പാർശ്വഭിത്തി (DR MASONRY)യുടെ ഉയരത്തേക്കാൾ ഉദ്ദേശം ഒരടിയോളം ഉയരത്തിലാണ് റോഡ് നിർമ്മിച്ചിട്ടുള്ളത്. റോഡിന് ഷോൾഡർ നിർമ്മിച്ചിട്ടില്ലാത്തതിനാൽ റോഡിന്റെ അരികുകൾ തകരാനുള്ള സാധ്യത നിലനിൽക്കുന്നു. പാർശ്വഭിത്തിയേക്കാൾ ഉയരത്തിൽ റോഡ് നിർമ്മിച്ചതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.
2. കരാറുകാരന് പാർട്ട് ബില്ലാണ് നൽകിയത്. എന്നാൽ ബില്ലിൽ നിന്നും റീടെൻഷൻ കുറവ് ചെയ്യാതെയാണ് ബില്ല് അനുവദിച്ചിട്ടുള്ളത്.
3. എസ്റ്റിമേറ്റ് പ്രകാരമുള്ള 8,9 ഇനങ്ങൾ നിർവ്വഹിക്കാത്തതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. 117 മുതൽ 145 വരെയുള്ള ചെയിനേജിൽ പാർശ്വഭിത്തി നിർമ്മിക്കുന്നതിനായി എർത്ത് എസ്കവേഷൻ ഡി.ആർ.മേസൺറി എന്നീ ഇനങ്ങൾ ആസൂത്രണം ചെയ്തിരുന്നുവെങ്കിലും ഓഡിറ്റ് തീയതി വരെ പ്രവൃത്തി നിർവഹിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ

കുറിപ്പിന് മറുപടി ലഭ്യമായിട്ടില്ല. CMLRP പദ്ധതി പ്രകാരം 2021-22 വർഷത്തിലാണ് പാർശ്വഭിത്തി നിർമ്മാണം നടത്തിയിട്ടുള്ളത്. അതേ വർഷം തന്നെയാണ് ഗ്രാമപഞ്ചായത്ത് റോഡ് നിർമ്മാണത്തിനുള്ള പദ്ധതി തയ്യാറാക്കി നടപ്പാക്കിയിട്ടുള്ളത്. ഒരേ നിർവ്വഹണ ഉദ്യോഗസ്ഥ തന്നെയാണ് രണ്ട് പദ്ധതികളും ആസൂത്രണം ചെയ്തിട്ടുള്ളത്. വാർഷിക പദ്ധതിയുടെ ഭാഗമായി നടപ്പാക്കിയ മത്തത്ത് മുക്ക് പിലാക്കാട്ട് പൊയിൽ താഴെ റോഡ് (പ്രോജക്ട് നം.157/22) എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള സബ് ഗ്രേഡ് നിർമ്മാണം, ജി.എസ്.ബി, ഡബ്ല്യു.എം.എം. എന്നീ ഇനങ്ങളുടെ അളവ് ക്രമീകരിച്ചോ, മണ്ണ് കുഴിച്ചെടുക്കുന്ന ഇനം ഉൾപ്പെടുത്തിയോ പാർശ്വഭിത്തിയുടെ ഉയരത്തിന് ആനുപാതികമായി റോഡ് നിർമ്മാണം നടത്താമായിരുന്നു. റോഡിന് തറനിരപ്പിൽ നിന്നും നിലവിലുള്ള ഉയരം സൈറ്റിൽ ആവശ്യമുണ്ടായിരുന്നുവെങ്കിൽ പാർശ്വഭിത്തിയുടെ ഉയരം റോഡിന്റെ ഉയരത്തിനാനുപാതികമായി ആസൂത്രണം ചെയ്യേണ്ടതായിരുന്നു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും നിർമ്മാണത്തിലെ അശാസ്ത്രീയത പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-21 ലേല നടപടികൾ പാലിക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ ലേല രജിസ്റ്റർ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകത ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള വള്ളിക്കാടുള്ള മത്സ്യമാർക്കറ്റ് (4/227 A) 26.07.2021 ന് നടന്ന ലേലത്തിൽ 2021-22 വർഷത്തേക്ക് സതീശൻ സി.വി. ചെട്ടിയാംവീട്ടിൽ എന്നവർക്ക് 1700 രൂപ + GST എന്ന നിരക്കിൽ ലേലം ഉറപ്പിച്ച് നൽകിയിട്ടുണ്ട്. ലേല നിബന്ധനയിൽ ലേലത്തുക അപ്പോൾതന്നെ അടവാക്കേണ്ടതാണെന്നും, നിർദ്ദിഷ്ട വിലയുള്ള മുദ്ര കടലാസിൽ എഗ്രിമെന്റ് ഒപ്പിട്ടു നൽകേണ്ടതാണെന്നും പറയുന്നു. എന്നാൽ ലേല നടപടികൾ പാലിക്കാതെ ലേലത്തുക മാസവാടക ആയിട്ടാണ് ഈടാക്കുന്നത്, പിരിച്ചെടുക്കുന്ന തുക വാടക രജിസ്റ്ററിലാണ് രേഖപ്പെടുത്തുന്നത്. ലേല എഗ്രിമെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ലേല എഗ്രിമെന്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും ലേല നിബന്ധന പ്രകാരം ഈടാക്കാനുള്ള ലേലത്തുക, ജി. എസ്. ടി, എന്നിവ ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 1-22 റെയിൽവേയുടെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ഇതുവരെ ലഭ്യമല്ല

ഗ്രാമപഞ്ചായത്തിലെ ചോറോട് വില്ലേജ് സർവ്വെ നമ്പർ 12/62 റീ.സ 12/231/ യിൽ 162 ച.മീറ്റർ സ്ഥലത്ത് ഒരു അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന്, ശ്രീ.സത്യനാഥൻ എന്നവരിൽ നിന്ന് 4,86,000/- രൂപയ്ക്ക് 2020-21 വർഷത്തിൽ സ്ഥലം വാങ്ങിയിട്ടുണ്ട്. പ്രസ്തുത സ്ഥലം റെയിൽവെ ലൈനിൽ

നിന്ന് അടുത്തായതിനാൽ, റെയിൽവേയുടെ നിരാക്ഷേപ സാക്ഷ്യപത്രത്തിന് 17.11.2020 ന് ഡിവിഷണൽ റെയിൽവേ മാനേജർ, പാലക്കാടിന് അപേക്ഷ നൽകിയിട്ടുണ്ട്. വിവിധ കാരണങ്ങളാൽ അപേക്ഷ തിരിച്ചയക്കുകയും അത് പുന:സമർപ്പിച്ചെങ്കിലും നാളിത്‌വരെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ഗ്രാമപഞ്ചായത്തിന് ലഭ്യമായിട്ടില്ല. ഇക്കാരണങ്ങളാൽ അങ്കണവാടി കെട്ടിട നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ല

നിരാക്ഷേപ സാക്ഷ്യപത്രം എത്രയും പെട്ടെന്ന് ലഭ്യമാക്കി തുടർനടപടി സ്വീകരിക്കേണ്ടതാണ്.

1-23 ആയർവ്വേദ ഡിസ്‌പെൻസറി വാടക നിജപ്പെടുത്തിയിട്ടില്ല.

ആയർവ്വേദ ഡിസ്പെൻസറിയുടെ വാടക ഇനത്തിൽ പ്രതിമാസം 3500/- രൂപ നിരക്കിൽ 11 മാസക്കാലം മഠത്തിൽ കുഞ്ഞമ്മദ് ഹാജി എന്നയാൾക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ 6/318 നമ്പർ കെട്ടിടം എൻ.ആർ.എച്ച്.എം ആയുർവ്വേദ ഡിസ്പെൻസറിക്ക് വേണ്ടി 2013 നവംബർ 1 മുതൽ ഉടമസ്ഥൻ ഗ്രാമപഞ്ചായത്തിന് നൽകിയതാണ്. 19.08.2015 ന് എ1-5992/13 നമ്പർ കത്തിലൂടെ പ്രസ്തുത കെട്ടിടത്തിന്റെ വാടക നിശ്ചയിച്ച് തരുവാൻ പി.ഡബ്ല്യൂ.ഡി കെട്ടിട വിഭാഗത്തിന് കത്ത് നൽകി. 16.10.2018 ൽ കെട്ടിട ഉടമയും ഗ്രാമപഞ്ചായത്തും തമ്മിൽ ഒരു കരാർ ചമക്കുകയും, കരാർ വ്യവസ്ഥ പ്രകാരം നാളിതുവരെ പി.ഡബ്ല്യൂ.ഡി കെട്ടിടം വിഭാഗം വാടക നിശ്ചയിച്ച് തരാത്തതിനാൽ പ്രതിമാസം 3500/ രൂപ നിരക്കിൽ 2013 നവംബർ മാസം മുതൽ വാടക കുടിശ്ശിക അനുവദിക്കാനും, പിന്നീട് വാടക നിശ്ചയിക്കുന്ന മുറയ്ക്ക് 3500 നേക്കാൾ കുറവാണ് വാടക എങ്കിൽ കൂടുതലായി വാങ്ങിയ തുക തുടർന്നുള്ള വാടകയിൽ ക്രമവത്കരിക്കാനും ധാരണയായി. ഇതിന്റെ അടിസ്ഥാനത്തിലാണ് 2021-22 വർഷത്തിലും 3500 രൂപ പ്രതിമാസ വാടക ഉടമസ്ഥന് നൽകികൊണ്ടിരിക്കുന്നത്.

ഫയൽ പരിശോധിച്ചതിൽ പി.ഡബ്ല്യൂ.ഡി ഇതുവരെ വാടക നിശ്ചയിച്ച് ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടില്ല. നിലവിൽ ഗ്രാമപഞ്ചായത്ത് കെട്ടിടങ്ങൾ വാടകയ്ക്ക് എടുക്കുമ്പോൾ എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയർക്ക് വാടക നിശ്ചയിക്കാം. അതിനാൽ ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിച്ച് 3500 രൂപയിൽ കുറവാണ് വാടകയെങ്കിൽ ആയത് എത്രയും പെട്ടെന്ന് കെട്ടിട ഉടമസ്ഥന് നൽകുന്ന വാടകയിൽ നിന്ന് ക്രമവത്കരിക്കേണ്ടതാണ്. ഈ വിഷയത്തിലെ തുടർനടപടികൾ അറിയിക്കേണ്ടതാണ്.

1-24 ഗ്രാന്റ് വിനിയോഗിക്കാതെ തിരിച്ചടച്ചു

ഗ്രാമപഞ്ചായത്തിലെ സ്പെഷ്യൽ സ്കൂളുകൾക്ക് 2020-21 വർഷം ധനസഹായം അനുവദിച്ചത് ചെലവഴിക്കാതെ തുക തിരിച്ചടച്ചതായി കാണുന്നു. (വൗച്ചർ നമ്പർ 22101122/22.3.22 തുക 786750)

786750/- രൂപ ചെലാൻ നമ്പർ 5894202122 പ്രകാരം സർക്കാരിലേയ്ക്ക് 19.3.2022 ന് തിരിച്ചടച്ചു. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 11.02.2022 ലെ എം. 1/381502/2022/ഡി.ജി.ഇ./കെ.ഡി.എസ്. നമ്പർ കത്ത് പ്രകാരമാണ് ബഡ്സ് സ്കൂളിന് അനുവദിച്ച സ്പെഷ്യൽ പാക്കേജ് തിരിച്ചടച്ചത്. 2020-21 വർഷത്തെ ബഡ്സ് സ്കൂൾ ടീച്ചർ/ആയമാരുടെ ശമ്പള ഇനത്തിൽ ചെലവഴിച്ച തുകയാണ് ഈ പാക്കേജിൽ നിന്ന് വിനിയോഗിക്കേണ്ടത്. ഇതിനാധാരമായ ഗ്രാന്റ് അനുവദിച്ചതാകട്ടെ 31.03.2021 നാണ്. 2020-21 വർഷത്തെ ബജറ്റിൽ വകയിരുത്തിയ തുക അവസാന ദിവസം ആണ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തത്. ഇപ്രകാരം അലോട്ട്മെന്റ് ഗ്രാമപഞ്ചായത്തിൽ കൈമാറിയതിനാലാണ് തുക ചെലവഴിക്കാൻ പറ്റാതിരുന്നത്. യഥാസമയം അലോട്ട്മെന്റ് നൽകിയിരുന്നെങ്കിൽ ഗ്രാമപഞ്ചായത്ത് ഈ ഇനത്തിൽ 2020-21 ൽ ചെലവഴിച്ച തുക 4,85,100/- രൂപ ഗ്രാന്റിൽ നിന്ന് വിനിയോഗിക്കാമായിരുന്നു. ഇക്കാരണത്താൽ പ്ലാൻ ഫണ്ട് മറ്റ് ആവശ്യങ്ങൾക്ക് ചെലവഴിക്കേണ്ടതിന് പകരം ബഡ്സ് സ്കൂളിന് വേണ്ടി ചെലവഴിച്ചു. പൊതുവിദ്യാഭ്യാസ വകുപ്പിന് വന്ന വീഴ്ച സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ട് വരുന്നു.

1-25 പ്രീമൺസൂൺ ശുചീകരണം - പോസ്റ്റ് മൺസൂൺ ആയി മാറി.

2021-22 വർഷം മഴക്കാല പൂർവ്വ ശുചീകരണ പ്രവൃത്തിയ്ക്ക് താഴെ കൊടുത്ത വൗച്ചർ പ്രകാരം 4,20,000/- രൂപ വാർഡ് സാനിറ്റേഷൻ കമ്മിറ്റിക്ക് അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | വൗച്ചർ നമ്പർ/ തിയ്യതി | തുക |
|---|---|---|
| 1 | 22100281/29.7.2021 | 7200 |
| 2 | 22100282/23.7.2021 | 10000 |
| 3 | 22100601/2.11.2021 | 200000 |
| 4 | 22100602/8.11.2021 | 202800 |
| | | 420000 |

ഇതിൽ 2,10,000/- രൂപ വീതം ശുചിത്വമിഷൻ ഫണ്ടും ഗ്രാമപഞ്ചായത്ത് വിഹിതവുമാണ്. പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ കൊടുത്ത അപാകതകൾ കാണുന്നു. വാർഡുകളിൽ ശുചീകരണ പ്രവൃത്തി നടത്തിയത് 2021 ജൂൺ, നവംബർ, 2022 ഫിബ്രവരി മാസങ്ങളിലാണ്. 2021-22 വർഷത്തെ പ്രീ മൺസൂൺ എന്നത് 2021 ഏപ്രിൽ, മെയ് മാസങ്ങളിലാണ് പദ്ധതി നടപ്പാക്കേണ്ടത്. ഇതിന് പകരം മഴക്കാലത്തും, മഴയ്ക്ക് ശേഷവും ഇത് നടപ്പാക്കിയത് ശരിയല്ല.

ഓരോ വാർഡിലേയ്ക്ക് 20,000/- രൂപ വീതം 21 വാർഡുകളിലേയ്ക്കായി 4,20,000/- രൂപ അനുവദിച്ചിട്ടുണ്ട്. മിക്ക വാർഡുകളും മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വാർഡ് 12-ൽ 18,800/- രൂപയാണ് ചെലവഴിച്ചത്. ചെലവഴിക്കാതെ അവശേഷിക്കുന്ന തുക 1200/- രൂപ തിരിച്ചടവാക്കേണ്ടതാണ്.

1-26 അളവ് തൂക്ക ഉപകരണം -വാർഷിക സീലിംഗ് ചെയ്തില്ല.

ഹരിത കർമ്മ സേനയുടെ പ്രവർത്തനത്തിന്റെ ഭാഗമായി വൗച്ചർ നമ്പർ 22100380/25.08.2021 പ്രകാരം 8500 രൂപ ചെലവഴിച്ച് ഒരു വെയിംഗ് മെഷീൻ വാങ്ങിയിട്ടുണ്ട്. ത്രീ സ്റ്റാർ സ്കെയിൽസ് എന്ന സ്ഥാപനത്തിൽ നിന്നാണ് ഈ ഇലക്ട്രോണിക് ത്രാസ് വാങ്ങിയത്. അജൈവ മാലിന്യം/ പ്ലാസ്റ്റിക്കുകൾ എന്നിവ തൂക്കാനാണ് ഉപകരണം ഹരിത കർമ്മസേനയ്ക്ക് വാങ്ങി നൽകിയത്. ഉപകരണ വിതരണം ചെയ്യുമ്പോൾ ഈ ത്രാസ് ആദ്യമായി സീൽ ചെയ്ത സർട്ടിഫിക്കറ്റ് ഇതിന്റെ ഫയലിലില്ല. 25.08.2021 ന് ശേഷം അടുത്ത സീലിംഗ് 25.08.2022 ന് ചെയ്യേണ്ടതാണ്. ഇക്കാര്യത്തിൽ വ്യക്തത വരുത്തി ഇനീഷ്യൽ സീലിംഗ്, വാർഷിക സീലിംഗ് എന്നിവ ഉടനടി നടത്തേണ്ടതാണ്.

1-27 പൊതു ടാപ്പ് ചാർജ്ജ് നാളിതുവരെ സംയുക്ത പരിശോധന നടത്തിയിട്ടില്ല.

2021-22 വർഷത്തിൽ പൊതു ടാപ്പ് ചാർജ്ജ് ഇനത്തിൽ 1,51,613/- രൂപ തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. 30 ടാപ്പുകൾക്ക് 11 മാസക്കാലത്തെ ചാർജ്ജ് ഇനത്തിൽ പ്രതിമാസം 13,783/- രൂപ നിരക്കിൽ ആണ് മേൽ തുക വാട്ടർ അതോറിറ്റിയ്ക്ക് അടവാക്കിയത്. എത്ര ടാപ്പുകൾ പ്രവർത്തനക്ഷമമാണ് എന്ന് പരിശോധിക്കാതെ ഒരു നിശ്ചിത തുക വാട്ടർ അതോറിറ്റി അറിയിക്കുന്ന മുറയ്ക്ക് ഒടുക്കുകയാണ് ചെയ്തുവരുന്നത്.

27.07.2021 ലെ അജണ്ട 12 - ഫയൽ എ3.4734/21- 180/21 നമ്പർ തീരുമാന പ്രകാരം വടകര വാട്ടർ അതോറിറ്റി സെക്ഷന് കീഴിൽ വരുന്ന പഞ്ചായത്തുകളിലെ പൊതു ടാപ്പുകളിൽ പ്രവർത്തനക്ഷമമായവയുടെ എണ്ണത്തിൽ വ്യക്തത വരുത്തുന്നതിന് സംയുക്ത പരിശോധന നടത്തുന്നതിന് അനുയോജ്യമായ തിയ്യതി അറിയിക്കുവാൻ ആവശ്യപ്പെട്ട് അസി. എഞ്ചിനീയർ കേരള വാട്ടർ അതോറിറ്റിയുടെ കത്ത് ഗ്രാമപഞ്ചായത്ത് ലഭിച്ചു. ഇതിൽ അനുയോജ്യമായ തിയ്യതി ഏതെന്ന് നാളിത് വരെ തീരുമാനിച്ചിട്ടില്ല. ഇക്കാരണത്താൽ പ്രവർത്തനക്ഷമമായ ടാപ്പ്/ പ്രവർത്തനമില്ലാത്ത ടാപ്പ് എന്നിവ ഏതൊക്കെയെന്ന് കണക്കാക്കാതെ 30 ടാപ്പുകൾക്കും പ്രതിവർഷം 5512.5 രൂപ നിരക്കിൽ തുക മാസഗഡുക്കളായി ഒടുക്കുകയാണ്. ജൂലൈ 2021 ന് ശേഷം നാളിത് വരെ ഇതേ രീതിയിലാണ് തുക അടവാക്കുന്നത്. എത്രയും പെട്ടെന്ന് ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി, 2021 ജൂലൈ മാസത്തിന് ശേഷം അധികം ഒടുക്കിയ തുക ക്രമവത്കരിക്കേണ്ടതാണ്.

1-28 ആവശ്യമായ കാർപാർക്കിംഗ് ഇല്ലാതെ പെർമിറ്റ് അനുവദിച്ചു

കെട്ടിട നമ്പർ 4/307 l

ഗ്രാമപഞ്ചായത്തിലെ വാർഡ് 4 ൽ വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിനായി ശ്രീമതി. അജിത, ജിബിൻ ബാലൻ, ജിൻസി ബാലൻ, ജിസ്ന ബാലൻ എന്നിവർക്ക് എ1- ന്യൂ-ബി.എ(65059)/2021 തിയ്യതി 22.01.21 നമ്പർ പ്രകാരം പെർമിറ്റ് അനുവദിച്ചിരുന്നു. പ്രസ്തുത പെർമിറ്റ് അപേക്ഷ പ്രകാരം 404.71 $M^2$ വിസ്തീർണ്ണമുള്ള കെട്ടിടത്തിനാണ് പെർമിറ്റ് അനുവദിച്ചത്. 3598 രൂപ പെർമിറ്റ് ഫീസ് ഈടാക്കിയിട്ടുണ്ട്. തുടർന്ന് 2021-22 പണി പൂർത്തീകരിച്ച കെട്ടിടത്തിൽ നമ്പർ അനുവദിച്ചതായി കാണുന്നു. (കെട്ടിട നമ്പർ 4/307 l) നമ്പറിംങിന്റെ ഫയലിൽ കെട്ടിട ഉടമ സമർപ്പിച്ച പ്ലാനിൽ പ്രസ്തുത സ്ഥലത്ത് 402.88 ച.മീ കമേഴ്സ്യൽ കെട്ടിടം നിർമിച്ചിട്ടുണ്ട്.

ഫയൽ പരിശോധിച്ചതിലും 24.01.2023 ൽ ഓഡിറ്റ് ടീം സ്ഥല പരിശോധന നടത്തിയതിലും, പെർമിറ്റിൽ കാണിച്ച കാർ പാർക്കിംഗ് സ്ഥലങ്ങൾ സ്ഥാപനങ്ങൾ കെട്ടിയെടുത്ത് മറ്റ് ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്നതായി കണ്ടു പെർമിറ്റ് പ്രകാരം കാർപാർക്കിംഗ് നല്കിയിരിക്കുന്നത് കെട്ടിടത്തിന് അകത്തായിട്ടാണ്, ഇവിടേക്ക് പ്രവേശിക്കുന്നതിനായി റാംമ്പും നൽകിയതായി കാണിച്ചിരിക്കുന്നു. സ്ഥല പരിശോധനയിൽ പെർമിറ്റിൽ കാണിച്ച പാർക്കിംഗ് സ്ഥലത്ത് സാധനങ്ങൾ സ്റ്റോക്ക് ചെയ്ത് കച്ചവടം ചെയ്യുന്നതായി കാണാം ഇവിടേക്ക് പ്രവേശിക്കുന്നതിനായി റാംമ്പും നൽകിയിട്ടില്ല, പോർച്ച് അയി കാണിച്ചിരിക്കുന്ന സ്ഥലം ഓഫിസായി പ്രവർത്തിക്കുന്നുണ്ട് ഇവിടെയും റാംമ്പ് നിർമ്മിച്ചിട്ടില്ല. നാളിതുവരെയും കെട്ടിടങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് സാധിച്ചില്ല. കെട്ടിടങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്

കെട്ടിടത്തിൽ അധികനിർമ്മാണം നടത്തിയത് ക്രമവൽക്കരിച്ച് നൽകാവുന്നതാണോ എന്ന് പരിശോധിക്കാത്തതിനാൽ അധിക നിർമ്മാണത്തിന് അനുസൃതമായി വസ്തുനികുതി ചുമത്താനും സാധിച്ചിട്ടില്ല. അധികനിർമ്മാണത്തിന് ക്രമവൽക്കരിക്കാൻ, നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ക്രമവത്കരണം സാധ്യമല്ലാത്ത സാഹചര്യമാണെങ്കിൽ നിലവിലെ അനധികൃത നിർമ്മാണം ഒഴിവാക്കേണ്ടതുമാണ്. ഈ വിഷയത്തിലെ തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പ്രീമൺസൂൺ ശുചീകരണം - പോസ്റ്റ് മൺസൂൺ ആയി മാറി.

2021-22 വർഷം മഴക്കാല പൂർവ്വ ശുചീകരണ പ്രവൃത്തിയ്ക്ക് താഴെ കൊടുത്ത വൗച്ചർ പ്രകാരം 4,20,000/- രൂപ വാർഡ് സാനിറ്റേഷൻ കമ്മിറ്റിക്ക് അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | വൗച്ചർ നമ്പർ/ തിയ്യതി | തുക |
|---|---|---|
| 1 | 22100281/29.7.2021 | 7200 |
| 2 | 22100282/23.7.2021 | 10000 |
| 3 | 22100601/2.11.2021 | 200000 |
| 4 | 22100602/8.11.2021 | 202800 |
| | ആകെ | 420000 |

ഇതിൽ 2,10,000/- രൂപ വീതം ശുചിത്വമിഷൻ ഫണ്ടും ഗ്രാമപഞ്ചായത്ത് വിഹിതവുമാണ്. പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ കൊടുത്ത അപാകതകൾ കാണുന്നു. വാർഡുകളിൽ ശുചീകരണ പ്രവൃത്തി നടത്തിയത് 2021 ജൂൺ, നവംബർ, 2022 ഫിബ്രവരി മാസങ്ങളിലാണ്. 2021-22 വർഷത്തെ പ്രീ മൺസൂൺ എന്നത് 2021 ഏപ്രിൽ, മെയ് മാസങ്ങളിലാണ് പദ്ധതി നടപ്പാക്കേണ്ടത്. ഇതിന് പകരം മഴക്കാലത്തും, മഴയ്ക്ക് ശേഷവും ഇത് നടപ്പാക്കിയത് ശരിയല്ല.

ഓരോ വാർഡിലേയ്ക്ക് 20,000/- രൂപ വീതം 21 വാർഡുകളിലേയ്ക്കായി 4,20,000/- രൂപ അനുവദിച്ചിട്ടുണ്ട്. മിക്ക വാർഡുകളും മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വാർഡ് 12-ൽ 18,800/- രൂപയാണ് ചെലവഴിച്ചത്. ചെലവഴിക്കാതെ അവശേഷിക്കുന്ന തുക 1200 രൂപ തിരിച്ചടവാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| 2021-22 | ഓഡിറ്റ് നിർവ്വഹിച്ച കാലയളവ് | അനുബന്ധമായി ചേർത്തിട്ടുണ്ട് |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

2021-22 വർഷം സംയുക്ത പ്രോജക്ടുകൾക്ക് വേണ്ടി ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകകളുടേയും അവയുടെ വിനിയോഗത്തിന്റേയും വിവരം ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 300000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 3,00,000 |
| | 500000 | അങ്കണവാടി കെട്ടിട നിർമ്മാണം | 5,00,000 |
| | 450000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 4,50,000 |
| | 675000 | ലൈഫ് ഭവനപദ്ധതി (പട്ടികജാതി വിഭാഗം) | 6,75,000 |
| ആകെ തുക | | | 19,25,000 |
| ജില്ലാ പഞ്ചായത്ത് | 225000 | ലൈഫ് ഭവനപദ്ധതി (പട്ടികജാതി വിഭാഗം) | 2,25,000 |
| | 300000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 3,00,000 |
| ആകെ തുക | | | 5,25,000 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|
| ഭൂജല വകുപ്പ് | എം.സി.എഫ് . കേന്ദ്രത്തിൽ കുഴൽ കിണർ നിർമ്മാണം | 54225 | 54225 |
| | അങ്കണവാടികളിൽ കുഴൽ കിണർ നിർമ്മാണം | 181825 | 181825 |
| കെ.എസ്.ഇ.ബി | ഇലക്ട്രിക് ലൈൻ വലിക്കൽ | 59037 | 59037 |
| | ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | 50000 | 50000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി നൽകിയതിന്റെ വിവരം-

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി |
|---|---|---|---|---|---|

| | | | യുണ്ടായിരുന്ന തുക | | | യുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഭവന വായ്പ | 1613/DB/ 1/14/lsgd | | 44,40,160 | 14,00,000 | | 30,40,160 |
| കെ.യു.ആർ.ഡി. എഫ് സി | | | 28,81,335 | 4,69,335 | | 24,12,000 |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നമ്പർ/ തിയ്യതി |
|---|---|---|---|---|
| 1992-93 | 19 | 91 | പവിത്രൻ, കോൺട്രാക്ടർ | 121020105290/ 24.01.22 |
| 1992-93 | 15 | 14 | പി.കെ.പത്മനാഭ | 121020105291/ 24.01.22 |
| 1998-99 | 13 | 60 | അശോകൻ | 121020105297/ 24.01.22 |
| 2001-02 | 9-2 | 1494 | സന്തോഷ് ജോർജ്ജ് | 121020100839/ 15.07.21 |
| 2003-04 | 3-10(1) | 4669 | യു.എൽ.സി.സി.എസ് | 121020500009/ 22.09.21 |
| 2003-04 | 3-13(1) | 1420 | പവിത്രൻ | 121020101526/ 07.09.21 |
| 2003-04 | 3-13(4) | 1123 | പവിത്രൻ | 121020101526/ 07.09.21 |
| 2003-04 | 3-13 | 7353 | പവിത്രൻ | 121020101526/ 07.09.21 |
| 2003-04 | 3-4 | 708 | യു.എൽ.സി.സി.എസ് | 121020500009/ 22.09.21 |

| | | | | |
|---|---|---|---|---|
| 2004-05 | 3-4 | 2332 | യു.എൽ.സി.സി.എസ് | 121020500008/ 20.09.21 |
| 206-07 | 3-5, 3-9, 3-10 | 8519 | യു.എൽ.സി.സി.എസ് | 121020500039/ 17.03.22 |
| 2007-08 | 3-1(എ), 3-1(ബി) | 25872 | യു.എൽ.സി.സി.എസ് | 121020500039/ 17.03.22 |
| 2007-08 | 2-9.1 | 10000 | ചോറോട് സർവ്വീസ് സഹ.ബാങ്ക് | 121020105190/ 22.01.22 |
| 2015-16 | 3-21 | 5602 | വടകര ഇലക്ട്രിക്കൽ ലേബർ കോൺട്രാക്ട് കോ-ഓ-സൊസൈറ്റി | 121020105502/ 27.01.22 |
| 2017-18 | 2-3(1) | 450 | അജയൻ,എൽ.ബി.എസ് | 121020105626/ 28.01.22 |
| 2017-18 | 2-3(4) | 360 | ഷാജി,എൽ.ബി.എസ് | 121020105724/ 31.03.22 |
| 2017-18 | 2-3(2) | 900 | പ്രകാശൻ ,എൽ.ബി.എസ് | 121020105783/ 31.03.22 |
| 2017-18 | 2-3(5) | 360 | സുധീർ, എൽ.ബി.എസ് | 121020105843/ 01.02.22 |
| 2017-18 | 2-3(1) | 450 | അജയൻ, എൽ.ബി.എസ് | 121010105983/ 03.02.22 |
| ആകെ | | 71777 | | |

## 4-7 സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 3,67,70,448 |
| തൻവർഷം നിക്ഷേപിച്ച തുക | 29,53,145 |
| ആകെ | 3,97,23,593 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |

| | |
|---|---|
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3,97,23,593 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്....) | എഫ് ഡി നം | തുക |
|---|---|---|---|
| 1 | ചോറോട് സർവ്വീസ് സഹകരണ ബാങ്ക് | 110030008613 | 84,69,172 |
| 2 | ചോറോട് സർവ്വീസ് സഹകരണ ബാങ്ക് | 110030008614 | 84,69,172 |
| 3 | ചോറോട് സർവ്വീസ് സഹകരണ ബാങ്ക് | 110030008615 | 84,69,172 |
| 4 | ചോറോട് സർവ്വീസ് സഹകരണ ബാങ്ക് | 110030008616 | 83,87,657 |
| 5 | ചോറോട് സർവ്വീസ് സഹകരണ ബാങ്ക് | 110030008617 | 59,28,420 |
| ആകെ | | | 3,97,23,593 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | | 2003-04 മറ്റ് പരാമർശം | 11.4 | ചാത്താം കണ്ടി തെരു ശ്മശാനം റോഡ് | തീർപ്പാക്കാൻ അവശേ ഷിക്കുന്നു. |

| | | | | | |
|---|---|---|---|---|---|
| 2000-01 | | 2003-04 മറ്റ് പരാമർശം | 11.14 | മന്നത്താഴ ചെമ്മഞ്ചേരി റോഡ് | -ടി- |
| 2000-01 | | 2004-05 പൊതു പരാമർശം | 11.1.3.18 | നികുതി പിരിവ് അലംഭാവം | -ടി- |
| | | 2013-14 | 5.1.5.4 | പൊതു കിണറുകൾ സംരക്ഷി ക്കപ്പെടുന്നില്ല | -ടി- |
| | | 2013-14 | 5.1.5.6 | ജലസ്രോത സ്സുകളിൽ കയ്യേറ്റം | -ടി- |
| | | 2013-14 | 5.1.5.11 | കുടിവെള്ളപദ്ധതി പ്രവർത്തന രഹിതം | -ടി- |
| 2014-15 | 2-2,2-3 | 2016-17 | അനുബന്ധം4 | തൊഴിൽ നികുതി അപാകതകൾ | -ടി- |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

ബി)സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 12,43,09,521 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 10,32,49,724 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1200 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 16,64,547 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്ന തുക | ചെലവ് സർചാർജ് ചെയ്യാവുന്ന തുക | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം |
|---|---|---|---|---|
| 3-1 | | 1200 | നിഷ.എൻ, തയ്യിൽ | സെക്രട്ടറി, ചോറോട് ഗ്രാമ പഞ്ചായത്ത് |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 6,73,472 | സെക്രട്ടറി |
| 1-17 | 8,09,250 | സെക്രട്ടറി |
| 1-18 | 18,18,250 | സെക്രട്ടറി |
| | 16,64,547 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല-

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/ തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. നിഷ.എൻ, സെക്രട്ടറി | | നിഷ.എൻ, തയ്യിൽ<br>ഇന്ദുഭം, വേട്ടുവേണി (പി.ഒ)<br>ഹരിപ്പാട്, ആലപ്പുഴ – 690 514 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1991-92 | എൽ.എഫ്.കെ.കെ.ഡി/പി 5/560/10 | 8 | |
| 1992-93, 93-94 | എൽ.എഫ്.കെ.കെ.ഡി/എസ്2/ 1227/94 തീയതി 27.04.1995 | 7 | |
| 1995-96 | എൽ.എഫ്.കെ.കെ.ഡി/പി5/ 144/96 തീയതി 02.01.1997 | 2 | |
| 1998-99 | എൽ.എഫ്.കെ.കെ.ഡി/പി9/ 1850/19(2)തീയതി 3.12.20 | 1 | 33 |

| | | | |
|---|---|---|---|
| 2000-01 പ്ലാൻ | എൽ.എഫ്.കെ.കെ.ഡി/പി5/ 1170(6)/13തീയതി 23.08.2013 | 6 | 9(1,3), 10, 11, 12 ,13 |
| 2001-02 പ്ലാൻ | എൽ.എഫ്.കെ.കെ.ഡി/പി9/ 1850/19(3)തീയതി 3.12.20 | 4 | 7(1,2), 8, 9(2) |
| 2003-04 | എൽ.എഫ്.കെ.കെ.ഡി/പി9/ 1850/19(5)തീയതി 3.12.20 | 5 | 3-4, 3-7, 3-10, 3-13, 3-14 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി/പി9/ 1850/19(6)തീയതി 3.12.20 | 8 | 2-3, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി/പി9/ 1850/19(7)തീയതി 3.12.20 | 3 | 3-3, 3-4, 3-5 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി/എസ്1/ 706/09 തീയതി 22.01.2010 | 15 | |
| 2007-08 | എൽ.എഫ്.കെ.കെ.ഡി/പി 5/1195/11 തീയതി 12.10.2011 | 22 | |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/ പി 5/781/12 തീയതി 12.06.2012 | 8 | |
| 2009-10 | എൽ.എഫ്.കെ.കെ.ഡി/ പി 5/782/12 തീയതി 12.06.2012 | 14 | |
| 2010-11, 2011-12 | എൽ.എഫ്.കെ.കെ.ഡി/ പി 5/895/14 തീയതി 06.08.2014 | 12 | 2-2, 2-7(2), 3-2, 3-3, 3-4, 3-6, 3-7, 3-8, 3-10, 3-14, 3-15, 3-16 |
| 2012-13, 13-14 | കെ.എസ്.എ.കെ.കെ.ഡി/പി 5/858/15 തീയതി 03.08.2015 | 21 | |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി/പി6/ 2231/16 തീയതി 21.5.17 | 11 | 2-1, 2-2(2, 3, 4, 5, 6) 2-3, 3-1, 3-2, 3-6, 3-8 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി/പി15/ 447/2019തീയതി 29.6.19 | 29 | 2-1(1, 2, 3, 6, 7, 8, 9, 10) |

| | | | |
|---|---|---|---|
| | | | 2-3 (2,3) 2-3 (4, 5, 6, 7), 2-4, 2-5, 2-6, 3-1, 3-3, 3-5, 3-7, 3-9, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-21, 3-22 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി. പി6/1634/17 തീയതി 17.1.18 | 17 | 2-1, 2-2, 2-3, 2-4, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-8, 3-9, 3-10, 3-12, 3-13, 3-14, 3-15 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി/പി9/ 1849/2019 തീയതി28.2.20 | | 1-12(3, 4, 5, 6) 1-12(10), 2-1, 2-3, 2-4, 2-5, 2-6, 3-1, 3-2, 3-3, 3-4, 3-6, 3-8(3), 3-9, 3-11, 3-12, 4-10 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി/പി15/ 1599/2019 തീയതി 10.6.20 | 15 | 1-1, 2, 3, 4, 5, 6, 7, 8, 9, 10, 11, 12, 13, 14, 15 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി/പി9/ 750/2021/30.06.21 | 33 | 1-1 മുതൽ 1-22 വരെ, 4-1 മുതൽ 4-11 വരെ |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി/പി9/ 991/2022/08.06.2022 | | 1-1 മുതൽ 1-25 വരെ, 2-1 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ ചോറോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ ചോറോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്